# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 498 — 10.06.2014-ൽ മറുപടിക്ക്.**

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നടത്തിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം. | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ചിട്ടി, സ്വർണ്ണപ്പണയം, നിക്ഷേപ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്; ഇത്തരത്തിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക പ്രസിദ്ധപ്പെടുത്തുമോ; | (എ) | സ്വകാര്യ ചിട്ടി നടത്തുന്നതിനുള്ള പ്രവർത്തനാനുമതി ദി ചിട്ടി ഫണ്ട്സ് ആക്ട് 1982, കേരള ചിട്ടി റൂൾസ് 2012 എന്നീ നിയമങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പാണ് നൽകുന്നത്. ഇത്തരം സ്വകാര്യ ചിട്ടികൾ നടത്തുന്ന സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക പ്രസിദ്ധപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.<br>സ്വർണ്ണപ്പണയം, നിക്ഷേപ ഇടപാട് മുതലായ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് മുഖ്യമായും, സംസ്ഥാന കേരള മണിലെൻഡേഴ്സ് ആക്ട് മുഖേനയാണ്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി വകുപ്പ് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർമാരാണ് പ്രവർത്തനാനുമതി നൽകി വരുന്നത്. കേരള മണിലെൻഡേഴ്സ് ആക്ടിൻ കീഴിൽ ലൈസൻസ് എടുത്തിട്ടുള്ള മണിലെൻഡർമാരുടെ ജില്ല തിരിച്ചുള്ള വിവരം വാണിജ്യ നികുതി വകുപ്പിന്റെ www.keralataxes.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇങ്ങനെ നടത്തുന്ന ഇടപാടുകൾ സംബന്ധിച്ച് സർക്കാരിന് അറിയാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; | (ബി) | സ്വകാര്യ ചിട്ടികൾ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ജില്ലാ ആഫീസുകൾ വഴി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ ലഭ്യമാണ്. കേരള മണിലെൻഡേഴ്സ് ആക്ട് വകുപ്പ് 9 (ഐ) പ്രകാരം എല്ലാ മണിലെൻഡർമാരുടേയും അക്കൗണ്ട് വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് നടത്തി ബന്ധപ്പെട്ട അതോറിറ്റി മുൻപാകെ സമർപ്പിക്കേണ്ടതാണ്. ഇതിനു പുറമേ വ്യാജ പണമിടപാട് പ്രവർത്ത |

| | | | |
|---|---|---|---|
| | | | നങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും കേന്ദ്ര- സംസ്ഥാന സർക്കാർ ഏജൻസികൾക്കിടയിൽ നിയന്ത്രണമേൽനോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സെബിയുടെ ദക്ഷിണ റീജ്യണൽ മാനേജർ, കേന്ദ്ര കമ്പനികാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ/ നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവരുൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റിയും 22.02.2013-ലെ സർക്കാർ ഉത്തരവ് (സാധാ) നം.155/2013/നി.വ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | നിക്ഷേപത്തിനും സ്വർണ്ണപ്പണയത്തിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിലാണോ ഇടപാടുകൾ നടത്തുന്നത്; | (സി) & (ഡി) | വാണിജ്യ നികുതി വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന കേരള മണിലെൻഡേഴ്സ് ആക്ട് 1958-ന്റെ 7(1) വകുപ്പ് പ്രകാരം ഒരു മണിലെൻഡർ, അവർ നൽകുന്ന വായ്പയ്ക്ക് കൊമേഴ്സ്യൽ ബാങ്കുകൾ ഈടാക്കുന്ന പരമാവധി പലിശ നിരക്കിൽ നിന്നും രണ്ടു ശതമാനത്തിൽ കൂടുതൽ പലിശ ഈടാക്കുവാൻ പാടുള്ളതല്ല. പ്രസ്തുത വകുപ്പിന്റെ പ്രൊവിസോ പ്രകാരം കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപന പ്രകാരം ഈ പലിശ നിരക്ക് പ്രസിദ്ധീകരിക്കുവാൻ വ്യവസ്ഥയുണ്ട്. |
| (ഡി) | ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള പലിശ നിരക്ക് എത്രയാണ്; | | |
| (ഇ) | സ്വകാര്യ സ്ഥാപനങ്ങൾ ഇത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും ഉറപ്പു വരുത്താനും എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) | കേരള മണിലെൻഡേഴ്സ് ആക്ട് വകുപ്പ് 18 (ഡി) (1) പ്രകാരം ഒരു മണിലെൻഡർ ഏഴാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനേക്കാൾ പലിശ ഈടാക്കിയതായി ഇൻസ്പെക്ടർക്കോ ലൈസെൻസിംഗ് അതോറിറ്റിക്കോ ബോദ്ധ്യപ്പെട്ടാൽ അപ്രകാരം അധികമായി ഈടാക്കിയ തുക കണ്ടുകെട്ടുകയും ആ മണിലെൻഡർക്കുമേൽ അയാൾ ഈടാക്കിയ പലിശയുടെ മൂന്നു മടങ്ങിൽ അധികരിക്കാത്ത തുക പിഴ ചുമത്തുകയും ചെയ്യാവുന്നതാണ്. കൂടാതെ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമമനുസരിച്ച് ഇവരുടെ പേരിൽ നടപടി സ്വീകരിക്കാവുന്നതാണ്. |
| (എഫ്) | ഇത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എഫ്), (ജി) | സ്വകാര്യ ചിട്ടികളുടെ നടത്തിപ്പിനെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. പരാതി ലഭിച്ചിട്ടുള്ള ചിട്ടി കമ്പനികളിൽ പരിശോധന നടത്തി |

| | | | |
|---|---|---|---|
| (ജി) | എന്തൊക്കെ നടപടികളാണ് പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ളത്; | & (എച്ച്) | നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ചിട്ടി സംബന്ധമായ പരാതികൾ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് ചിറ്റ്സ് (സബ് രജിസ്ട്രാർ), ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് ചിറ്റ്സ് (ജില്ലാ രജിസ്ട്രാർ), രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ( രജിസ്ട്രാർ ഓഫ് ചിറ്റ്സ്) എന്നിവർക്കാണ് നൽകേണ്ടത്. അമിത പലിശ ഈടാക്കുന്നത് സംബന്ധിച്ച പരാതികളിൽ പോലീസ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേരള മണി ലെൻഡേഴ്സ് ആക്ടിനു കീഴിൽ ലൈസൻസ് എടുത്തിട്ടുള്ള മണി ലെൻഡർമാർ വകുപ്പ് 7-ൽ പറഞ്ഞിട്ടുള്ളതിനേക്കാൾ കൂടുതൽ പലിശ ഈടാക്കിയാൽ ലൈസൻസിംഗ് അതോറിറ്റി ആയ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ, വകുപ്പ് 10(1) പ്രകാരം നിയമിക്കപ്പെട്ട ഇൻസ്പെക്ടർമാർ എന്നിവർ മുൻപാകെ പരാതി നൽകാവുന്നതാണ്. അമിത പലിശ ഈടാക്കുന്നത് സംബന്ധിച്ച് പരാതി പോലീസിന് നൽകാവുന്നതാണ്. |
| (എച്ച്) | ഉപഭോക്താക്കൾ ആർക്കാണ് പരാതി നൽകേണ്ടത് ? | | |

സെക്ഷൻ ഓഫീസർ